നച്ചന്റെ സേവനങ്ങളെ നന്ദിയോടെ സ്മരിച്ചു. രൂപതയുടെ പരിധിയിൽ നടക്കുന്ന "സന്നാരാധന"യെക്കുറിച്ച് എല്ലാവരും ജാഗ്രത പുലർത്തണമെന്ന് പിതാവ് നിർദ്ദേശിച്ചു. വെടിക്കെട്ട് മാതൃരൂപതകളിൽ നിരോധിച്ചുവെന്നും, നമ്മളും അതിനെക്കുറിച്ച് ചിന്തിച്ച് ഉചിതമായ തീരുമാനം എടുക്കണമെന്നും പിതാവ് പറഞ്ഞു. ജൂലൈ 23ന് നടക്കുന്ന കത്തോലിക്കാ കോൺഗ്രസ്സിന്റെ മീറ്റിംഗിൽ, നിർദ്ദേശിക്കപ്പെട്ടവർ നിർബന്ധമായും പങ്കെടുക്കണമെന്ന് പിതാവ് പറഞ്ഞു. ജീവൻ ജ്യോതി സെന്ററിന്റെ രജതജൂബിലി ജൂലൈ 3-ന് ആണ് ആഘോഷിക്കുന്നതെന്നും, ജൂലൈ 3ന് കാക്കനാട് നടക്കുന്ന സഭാദിനത്തിൽ രൂപതാപ്രതിനിധികൾ പങ്കെടുക്കണെന്നും പിതാവ് നിർദ്ദേശിച്ചു. "The Name of God is Mercy'' എന്ന പുസ്തകം രൂപതയിലെ എല്ലാ വൈദികരും വാങ്ങിപോകണമെന്നും, കരുണയുടെ വർഷത്തോടനുബന്ധിച്ച് സെപ്തംബർ 2016-ലെ പാസ്റ്ററൽ കൗൺസിൽ പോത്തന്നൂർ സെന്റ് ജോസഫ്സ് ഓൾഡേജ് ഹോമിൽ ആയിരിക്കുമെന്നും പിതാവ് അറിയിച്ചു.

തുടർന്ന് തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ, രൂപതാദിനത്തിന്റെ എല്ലാ അവാർഡ് ജേതാക്കളേയും അഭിനന്ദിച്ചു. ഒരു രൂപതയുടെ വളർച്ച എന്ന് പറയുന്നത് ആ രൂപതയുടെ അടിസ്ഥാനഘടകമായ കുടുംബത്തിന്റെ കെട്ടുറപ്പാണ്. പരമ്പരാഗതമായി ലഭിച്ചിട്ടുള്ള ക്രിസ്തീയ മൂല്യങ്ങൾ നിലനിർത്തിയാലേ ആ കെട്ടുറിപ്പ് ഉണ്ടാകുകയുള്ളു. നമ്മുടെ രൂപതയുടെ കുടുംബങ്ങളുടെ വിശുദ്ധീകരണവും ശാക്തീകരണവും സാധിക്കണമെങ്കിൽ, മെത്രാന്മാരുടെയും വൈദികരുടെയും സന്യസ്തരുടെയും ശ്രദ്ധ എത്തിച്ചേരേണ്ടത് കുടുംബങ്ങളിലേയ്ക്കാണെന്നും അങ്ങനെചെന്നെത്താൻ സാധിച്ചില്ലെങ്കിൽ നമ്മുടെ മണ്ണ് ചോർന്നൊലിച്ച് പോകാമെന്നും ഉത്കണ്ഠയോടെ പിതാവ് പറയുകയുണ്ടായി. ഫ്രാൻസിസ് മാർപാപ്പ "Joy of Love'' എന്ന ചാക്രികലേഖനത്തിൽ, understand, accompany and integrate എന്നീ മൂന്ന് വാക്കുകളിലൂടെ മെത്രാന്മാരോടും വൈദികരോടും ഉദ്ബോധിപ്പിക്കുന്നത് സഭാമക്കളെ ആയിരിക്കുന്നരീതിയിൽ മനസ്സിലാക്കുവാനും അനുയാത്ര ചെയ്യുവാനും സഹവർത്തിക്കുവാനും സാധിക്കണം എന്നതാണ് എന്ന് രൂപതാദിനസന്ദേശമായി പിതാവ് പറഞ്ഞു. വൈദികർ നമ്മുടെ മക്കളാണ് എന്ന ബോധ്യത്തോടെ അൽമായരും പ്രവർത്തിക്കുവാനും ഒരുമിച്ച് പോകുവാനും കഴിഞ്ഞാൽ അതാണ് രൂപതയുടെ ഏറ്റവും വലിയ സമ്പത്ത് എന്ന് പിതാവ് കൂട്ടിചേർത്തു.

തുടർന്ന് ഡോ. ജോഷി ചെറിയാൻ, പിതാവിന് ഫീസ്റ്റിന്റെ മംഗളങ്ങൾ ആശംസിച്ചു. പിതാവ് ജൂബിലി ആഘോഷിക്കുന്ന എല്ലാ വൈദികർക്കും അൽമായർക്കും പൂക്കൾ നൽകി ആശംസകൾ നേർന്നു. തുടർന്ന് പിതാവും ജൂബിലി ആഘോഷിക്കുന്ന വൈദികരും ചേർന്ന് കേക്കുമുറിച്ചു.

ജൂബിലേറിയൻസിന് ആശംസകൾ നേർന്നുകൊണ്ടും അനുമോദിച്ചു കൊണ്ടും CMI Provincial ഉം SMRC പ്രസിഡന്റുമായ ബഹു. വിൻസൺ മൊയലനച്ചൻ സംസാരിച്ചു. തുടർന്ന് സന്യാസത്തിന്റെയും വിവാഹത്തിന്റെയും സുവർണ്ണ-രജത ജൂബിലി ആഘോഷിക്കുന്നപക്ഷം മറ്റ് അവാർഡ് ജേതാക്കൾക്കും പിതാവ് അവാർഡുകൾ നൽകി ആദരിച്ചു. മറ്റു വിവിധതലങ്ങളിൽ അവാർഡുകൾ കരസ്ഥമാക്കിയവരെ എസ്. എം.ആർ.സി. ട്രഷറർ ആയ Sr. Mary Deena FCC അനുമോദിച്ചു. അവാർഡുദാനത്തിനുശേഷം നടത്തുവാൻ പോകുന്ന യൂത്ത് കൺവൻഷന്റെ വീഡിയോ പരസ്യം അഭിവന്ദ്യ പിതാവും വിൻസൺ മൊയലനച്ചനും ചേർന്ന് ഉദ്ഘാടനം ചെയ്യുകയും സി.വൈ.എം. ഡയറക്ടറായ ബഹു. ബിജോ പാലായിലച്ചൻ അവതരിപ്പിക്കുകയും ചെയ്തു. "Asher -2016" എന്ന ഈ പ്രോഗ്രാമിൽ എല്ലാ യുവതീയുവാക്കൾക്കും പങ്കുചേരുന്നതിന് മാതാപിതാക്കൾ പ്രത്യേക ശ്രദ്ധ ചെലുത്തുവാൻ പിതാവ് നിർദ്ദേശിച്ചു.

പാസ്റ്ററൽ കൗൺസിൽ Joint Secretary Mrs. Alfa Vincent ഏവർക്കും നന്ദി പറഞ്ഞു. പിതാവിന്റെ ആശീർവാദത്തോടെ യോഗം അവസാനിച്ചു.

## പാസ്റ്ററൽ കൗൺസിൽ

**2016 ജൂൺമാസം 11-ാം തീയതി ശനിയാഴ്ച വിജാതീയരുടെ അപ്പസ്തോലനായ വി. പൗലോസിന്റെ സഹയാത്രികനായ വി. ബർണബാസിന്റെ തിരുനാളിൽ രാമനാഥപുരം രൂപതയുടെ 7-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് നടക്കുന്ന പൊതുസമ്മേളനത്തിൽ അവതരിപ്പിക്കുന്ന 2015-2016 വർഷത്തിലെ വാർഷിക റിപ്പോർട്ട്.**

രൂപതാദ്ധ്യക്ഷനായ മാർ പോൾ ആലപ്പാട്ട് പിതാവേ, ബഹുമാനപ്പെട്ട വൈദികരേ, ബഹുമാനപ്പെട്ട സമർപ്പിത സഹോദരിമാരേ, സ്നേഹമുള്ള സുഹൃത്തുക്കളെ,

കഴിഞ്ഞൊരുവർഷക്കാലയളവിൽ നാം അനുഭവിച്ചറിഞ്ഞ ദൈവീക കരുണയുടെയും കരുതലിന്റെയും ഓർമ്മകളിലേക്കുള്ള ഒരു തീർത്ഥയാത്രയായി മാറട്ടെ, നമുക്ക് ഈ അനുസ്മരണമെന്ന ആശംസകളോടെ 6-ാം രൂപതാദിനാഘോഷത്തിന്റെ ഓർമ്മക്കുറുപ്പുകളോടെ ആരംഭിക്കട്ടെ.

കത്തീഡ്രൽ ദൈവാലയത്തിൽ ഒത്തുചേർന്ന് ദൈവത്തിന് നന്ദിപറഞ്ഞ് പ്രാർത്ഥിച്ചുകൊണ്ട് 13-06-2015 ലെ 6-ാം രൂപതാദിനാഘോഷത്തിന് തുടക്കം കുറിച്ചു. രൂപതാനവീകരണം മുന്നേറ്റത്തിന്റെ ഡയറക്ടർ ബഹു. ജോസഫ് പുത്തൂരച്ചനും ടീമും പ്രാർത്ഥനാശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പ്രാർത്ഥനാനന്തരം ശരവണംപ്പട്ടി വിമൽജ്യോതി സ്കൂളിലെ വിദ്യാർത്ഥികളുടെ പ്രാർത്ഥനാ നൃത്താവ

തരണത്തോടെ പൊതുസമ്മേളനത്തിന്റെ തിരശീല ഉയർന്നു. രൂപതാ വികാരി ജനറൽ മോൺ. ജോർജ്ജ് നരിക്കുഴിയച്ചന്റെ സ്വാഗതവചസ്സുകൾക്ക് ശേഷം വിശിഷ്ഠാതിഥികളും അഭിവന്ദ്യപിതാവും ചേർന്ന് തിരിതെളിച്ചു. അദ്ധ്യക്ഷപ്രസംഗത്തിൽ പിതാവ് രൂപതയുടെ വളർച്ചയിൽ സഹകാരികളായ ഏവർക്കും ഹൃദയപൂർവ്വം നന്ദിപറയുകയും നമ്മുടെ തിരുനാളുകളും ആഘോഷങ്ങളും ധാരാളിത്തം ഒഴിവാക്കി നടത്തണമെന്നും അതുവഴി സമാഹരിക്കാവുന്ന തുക ഉപവിപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാമെന്നും ആഹ്വാനം ചെയ്തു. കരുണയുടെ വിശുദ്ധ വത്സരത്തിന് ഒരു മുഖവുരപോലെയായി ഈ ആഹ്വാനം.

സമഗ്രജീവിതത്തിന്റെയും വിവാഹജീവിതത്തിന്റെയും ജൂബിലി ആഘോഷിക്കുന്നവർക്കും വിവിധ മേഖലകളിൽ മികവുപ്രകടിപ്പിച്ചവർക്കും അനുമോദനങ്ങൾ അർപ്പിച്ചുകൊണ്ട് സി.എം.ഐ. പ്രൊവിൻഷ്യാൾ സുപ്പീരിയർ ബഹു. വിൻസെന്റ് മൊയിലൻ അച്ചൻ സംസാരിക്കുകയും ഉപഹാരം നൽകി പിതാവ് ആദരിക്കുകയും ചെയ്തു.

രാമനാഥപുരം അൽവേർണിയ സ്കൂൾ വിദ്യാർത്ഥിനികൾ അവതരിപ്പിച്ച ഹൃദയകാരിയായ സംഘനൃത്തത്തോടെ 6-ാം രൂപതാവാർഷികാഘോഷത്തിന് തിരശിലവീണു.

2015 ജൂൺ 7ന് 2015-2016ലെ വിശ്വാസപരിശീലനത്തിന് തുടക്കം കുറിച്ചു. Basic Training Course, Resourse Team Seminar, Angels Meet, Logos Quiz, Eparchial Catechism Day Celebration എന്നീ പരിപാടികളോടെ മതബോധനരംഗം സജീവമായി കടന്നുപോയി.

2015 നവംബർ 27ന് രാമനാഥപുരത്തുവച്ച് നടത്തിയ ഹൊറേബ്ബ് ഫെസ്റ്റിൽ 162 കുട്ടികൾ സംബന്ധിച്ചു. ബഹു. ജോൺസൺ അന്തിക്കാടനച്ചൻ ക്ലാസ്സുകൾ നയിച്ചു. ആരാധന, മ്യൂസിക് മിനിസ്ട്രി എന്നിവയ്ക്ക് "ജീസസ് യൂത്ത്" നേതൃത്വം നൽകി.

നവീകരണമുന്നേറ്റത്തിന്റെ നേതൃത്വത്തിൽ എല്ലാമാസങ്ങളിലും ഉക്കടം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വച്ച് നിശാ ജാഗരണപ്രാർത്ഥനയും വചനപ്രഘോഷണവും നടന്നു. 2015 ജൂൺമുതൽ ഗാന്ധിപുരം ഫൊറോനപ്പള്ളിയിൽ വച്ച് ഓരോമാസവും ഏകദിന ബൈബിൾ കൺവൻഷൻ സംഘടിപ്പിച്ചുവരുന്നു.

2015 ഡിസംബർ 18 മുതൽ 22വരെ അൽവേർണിയ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് രൂപതാബൈബിൾ കൺവൻഷൻ നടന്നു. ബ്ര. സാബു ആറുതോട്ടിയിൽ കൺവൻഷൻ നയിച്ചു.

2015 ഡിസംബർ 8ന് പരി. മാതാവിന്റെ അമലോത്ഭവതിരുനാളിൽ പരി. അമ്മയുടെ നാമാത്തിലുള്ള നമ്മുടെ മൈനർ സെമിനാരിയിൽ തിരുക്കർമ്മങ്ങൾക്ക് തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ്

താഴത്ത് കാർമ്മികത്വം വഹിച്ചു. പാലക്കാട് രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവ് വചനസന്ദേശം നൽകി. തുടർന്ന് വിശിഷ്ട അതിഥികളുടെ സാന്നിധ്യത്തിൽ നടന്ന പൊതുസമ്മേളനം മാർ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. മാർ റാഫേൽ തട്ടിൽ പിതാവ് സമ്മേളനത്തിന്റെ അദ്ധ്യക്ഷനായിരുന്നു. 2016 ഫെബ്രുവരി 28 മുതൽ മാർച്ച് 2 വരെ ദൈവവിളിക്കായുള്ള പ്രാർത്ഥന- ഉപവാസ വാരാചരണം രാമനാഥപുരത്ത് സംഘടിപ്പിച്ചു. വൈദികർ, സിസ്റ്റേഴ്സ്, സെമിനാരി വിദ്യാർത്ഥികൾ, അല്മായ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. ഇതിന്റെ സമാപനത്തിൽ മൈനർ ഓർഡേഴ്സും നൽകി.

ഉക്കടം ഹോളിഫാമിലി സ്കൂളിൽ 2016 ഏപ്രിൽ 12-15 തീയതികളിൽ ദൈവവിളിക്യാമ്പ് സംഘടിപ്പിച്ചു.

**വൈദികരുടെ ആത്മീയനവീകരണം**

വൈദികർ തങ്ങളുടെ ആത്മീയനവീകരണത്തിനായി എല്ലാ മാസത്തിലെയും ഒരു ദിവസം വചനധ്യാനം, ദിവ്യകാരുണ്യാരാധന, കുമ്പസാരം എന്നിവയ്ക്കായി നീക്കിവച്ചു. മാസധ്യാനത്തെ തുടർന്ന് പിതാവിനോടൊപ്പമുള്ള കോൺഫറൻസുകളും നടന്നു. 2015 സെപ്തംബർ 14 മുതൽ 19വരെ ചിന്താമണിപുത്തൂർ ഡിവൈൻ ധ്യാനഇല്ലത്തിൽവച്ച് നടന്ന വൈദികരുടെ വാർഷികധ്യാനം ബഹു. ഡൊമിനിക് വാളമ്മനാൽ അച്ചൻ നയിച്ചു. 21-03-2016 ൽ രാമനാഥപുരത്തുവച്ച് വിശുദ്ധവാരത്തിലെ തിങ്കളാഴ്ച വൈദികവിശുദ്ധീകരണധ്യാനവും സമൂഹബലിയും വി. മൂറോൻ വെഞ്ചിരിപ്പും നടന്നു.

കുടുംബപ്രേഷിതത്വത്തിന്റെയും രൂപതാമാതൃവേദിയുടെയും ആഭിമുഖ്യത്തിൽ 2015 ജൂൺ 23ന് ഗാന്ധിപുരത്തുവച്ച് അന്തർദേശീയ വിധവാദിനത്തോടനുബന്ധിച്ച് നടത്തിയ സംഗമത്തിൽ നൂറോളം സഹോദരിമാർ പങ്കെടുത്തു. 13-12-2015 ഉക്കടത്ത് വച്ച് വിവാഹജീവിതത്തിന്റെ സുവർണ്ണ-രജതജൂബിലി ആഘോഷിച്ച ദമ്പതികൾക്ക് സ്വീകരണം നൽകി. 2015 ആഗസ്റ്റ് 25ന് രൂപതാമാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സമർപ്പിതരുടെ മാതാപിതാക്കളെ ആദരിക്കുന്ന ചടങ്ങിൽ 58 മാതാപിതാക്കൾ പങ്കെടുത്തു. നമ്മുടെ രൂപത കഴിഞ്ഞവർഷം www.ramanathapurammatrimony.com എന്നപേരിൽ Matrimony Site ആരംഭിച്ചു.

**വിദ്യാഭ്യാസമേഖലയിൽ :** 2015 ഡിസംബർ 28ന് ജടയംപാളയം സെന്റ് ജോസഫ് മെട്രിക്കുലേഷൻ ഹയർസെക്കന്ററി സ്കൂളിന്റെ പുതിയ ബ്ലോക്കിന് തിരശീല സ്ഥാപനം നടത്തി. നിർമ്മാണം പൂർത്തിയാക്കിയ ഗ്രോട്ടോ, പ്രധാനകവാടം, ക്ലാസ്സ്മുറികൾ എന്നിവയുടെ ആശീർവാദകർമ്മം അഭിവന്ദ്യപിതാവ് 7-6-2016ന് നിർവ്വഹിച്ചു.

രൂപതയിലെ ആഭിമുഖ്യത്തിൽ ആരംഭിച്ച Mater Dei ICSE School- ന്റെ

ഉദ്ഘാടനം 2016 ജൂൺ 9ന് പിതാവ് നിർവ്വഹിച്ചു. സ്കൂൾ കറസ്പോണ്ടന്റായി ബഹു. ജോസ് കന്നുംകുഴിയച്ചനും പ്രിൻസിപ്പളായി ബഹു. സി. റാണി കുര്യനും ചുമതലയേറ്റു.

**സാമൂഹിക സേവനശുശ്രൂഷാമേഖലയിൽ**

ചെന്നൈ – കടലൂർ പ്രദേശങ്ങളിൽ വെള്ളപ്പൊക്ക ദുരിതം അനുഭവിച്ചവർക്കായി Chennai Syro Malabar Mission, Caritas India എന്നിവ വഴി Santhom Social Service Society നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു. സാധനങ്ങൾ ശേഖരിച്ചുനൽകിയ വിവിധ സ്കൂളുകളുടെ അധികൃതരെയും നേതൃത്വം നൽകിയ ബഹു. ജിയോ കുന്നത്തുപറമ്പിലച്ചനെയും അഭിനന്ദിക്കുന്നു. തിരിപ്പൂർ വഞ്ചിപ്പാളയം Grace Garden- ൽ ആരംഭിച്ച പീസ് ഹോമിന്റെ ആശീർവ്വാദവും ഉദ്ഘാടനവും 2016 ഫെബ്രുവരി 11ന് ലോകരോഗീദിനത്തിൽ അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. ജാതിമത ഭാഷാഭേദമന്യെ കിടപ്പിലായ നിത്യരോഗികളെ ഇവിടെ ശുശ്രൂഷിക്കുന്നു. ഹൈദരബാദിൽനിന്നുള്ള നരേഷ്, പളനിയിൽനിന്നുള്ള ദുർഗ്ഗ എന്നീ രണ്ടുകുട്ടികളാണ് ആദ്യ ഭവനാംഗങ്ങൾ. മൂന്ന് നിർമ്മലദാസി സിസ്റ്റേഴ്സ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു. പ്രഥമ ഡയറക്ടറായി നിയമിതനായ ബഹു. ജെയ്സൺ പുലിക്കോട്ടിലച്ചനെയും അച്ചനോടൊപ്പം ആദ്യഘട്ട നിർമ്മാണപ്രവർത്തനങ്ങൾക്ക് സഹായിച്ച തിരുപ്പൂർ ഇടവകയെയും അഭിമാനപൂർവ്വം ഓർക്കാം. രോഗികൾക്കായുള്ള മെയിൻ ബ്ലോക്കിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കഴിഞ്ഞവർഷം നാല് പാസ്റ്ററൽ കൗൺസിൽ യോഗങ്ങൾ നടന്നു. വിവിധ സമ്മേളനങ്ങളിലായി ഇസ്ലാമിക മതമൗലീകവാദം, കത്തോലിക്കാ വിവാഹബന്ധം, സഭയുടെ പ്രബോധനങ്ങളും നേരിട്ടുള്ള വെല്ലുവിളികളും, കരുണയുടെ വി. വത്സരം : പ്രസക്തിയും ലക്ഷ്യങ്ങളും, കത്തോലിക്കാസഭ നേരിടുന്ന വെല്ലുവിളികളും പരിഹാരമാർഗ്ഗങ്ങളും പ്രമുഖ പണ്ഡിതർ വിഷയങ്ങൾ അവതരിപ്പിക്കുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

**മറ്റു പ്രധാനസംഭവങ്ങൾ**

* ആഗസ്റ്റ് 23ന് പാലക്കാട് രൂപതയുടെ ഭാഗ്യസ്മരണാർഹനായ പ്രഥമ മെത്രാൻ മാർ ജോസഫ് ഇരിമ്പൻ പിതാവിന്റെ ചരമദിനത്തിൽ നമ്മുടെ ദൈവാലയങ്ങളിൽ പ്രാർത്ഥനാശുശ്രൂഷകൾ നടന്നു.
* 2015 ജൂലൈ 24ന് നമ്മുടെ പിതാവിന്റെ വത്സലമാതാവിന്റെ സംസ്കാരശുശ്രൂഷയിൽ രൂപതയിൽനിന്നും ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ട ഒട്ടനവധി ആളുകൾ സംബന്ധിക്കുകയും അഭിവന്ദ്യ പിതാവിന്റെയും കുടുംബാംഗങ്ങളുടെയും ദുഃഖത്തിൽപങ്കുചേർന്ന് അനുശോചനമറിയിക്കുകയും ചെയ്തു.
* 2015 ഒക്ടോബർ 31 മുതൽ നവംബർ 3വരെ മുംബൈയിൽ

വച്ച് നടന്ന National Catholic Health workers convention - നിലും 2015 നവംബർ 12 മുതൽ 15 വരെ മുംബൈയിൽ വച്ച് നടന്ന National Eucharistic Conference ലും രൂപതാപ്രതിനിധികൾ സംബന്ധിച്ചു.

* 2016 നവംബർ 6ന് Pappampatti Pirivu- ൽ ബിഷപ്പ് ഹൗസിനും പാസ്റ്ററൽ സെന്ററിനുമുള്ള അടിസ്ഥാനശിലകൾ സ്ഥാപിച്ചു.
* 3-12-2015 ൽ കരുണയുടെ വി.വത്സരം രൂപതയിൽ ഉദ്ഘാടനം ചെയ്തു.
* 2015 ഡിസംബർ 6ന് ചെറുപുഷ്പ്പം മിഷൻ ലീഗ് നാഷണൽ മീറ്റിന് ആതിഥ്യമരുളി. കുട്ടികളും പ്രമോട്ടേഴ്സും അടക്കം 1500-ൽ പരം ആളുകൾ പങ്കുചേർന്നു. ദൈവമഹത്വം വിളിച്ചോതിയ റാലിയും തുടർന്ന് അൽവേർണിയ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളന ത്തിലും സി.എം.എൽ-ന്റെ ദേശീയ-സംസ്ഥാനതല നേതാക്കൾ അണിനിരന്നു. സി.എം.എൽ. രൂപതാഡയറക്ടർ ഫാ. ബിജോ പാലാ യിൽ അസി. ഡയറക്ടർ ഫാ. അലക്സ് ചുണ്ടാട്ട് എന്നിവർ അഭിനന്ദ നാർഹാമാംവിധം സംഗമത്തിന് നേതൃത്വം നൽകി.
* 2016 ജനുവരി 24ന് അവിഭക്ത പാലക്കാട് രൂപതയുടെ മതബോധ ന ഡയറക്ടറും ഇപ്പോൾ കാനഡയിലെ സീറോമലബാർ സഭാംഗ ങ്ങൾക്കുവേണ്ടി രൂപീകൃതമായ പുതിയ എക്സാർക്കേറ്റിന്റെ അദ്ധ്യ ക്ഷനുമായ മാർ ജോസ് കല്ലുവേലിൽ പിതാവിന് സ്വീകരണം നൽകി.
* 2016 ഫെബ്രുവരി 7ന് ജോസ് കന്നുംകുഴിയച്ചനെയും അല്മായ സഹോദരരെയും ചിലർ അന്യായമായി മർദ്ദിച്ചതിൽ പ്രതിഷേധിച്ച് രൂപതയുടെ നേതൃത്വത്തിൽ പ്രതിഷേധറാലിയും പൊതുസമ്മേള നവും രാമനാഥപുരത്തുവച്ച് സംഘടിപ്പിച്ചു.

രൂപതവളരുന്നു, ഒപ്പം നമ്മുടെ ഉത്തരവാദിത്വങ്ങളും ഇക്കാലയള വിൽ വിവിധ പ്രസ്ഥാനങ്ങൾ, സംഘടനകൾ മുന്നേറ്റങ്ങൾ എന്നിവ മുഖേനയും Seminary Burse, Seminary General Fund, DIocese Maintanance Fund, Yesunidhi, Pastoral Centre & Bishop House Construction Fund, Mother Theresa Peace Home Construction & Maintanance Fund എന്നിവയിലൂടെയും രൂപതയുടെ വളർച്ചയിൽ രൂപ തയോടും രൂപതാദ്ധ്യക്ഷനോടുമൊപ്പം നിന്ന ആദരണീയരായ വൈദികർ, സമർപ്പിതർ, സെമിനാരി വിദ്യാർത്ഥികൾ, അല്മായ സഹോദരർ, സർവ്വോപരി ഇവിടെ സന്നിഹിതരായിരിക്കുന്ന നിങ്ങ ളോരോരുത്തരെയും തികഞ്ഞ ആത്മാർത്ഥതയോടും ആദരവോടും കൂടെ സ്മരിക്കുന്നു. നന്ദി.

+ [signature] 11/6/2016

Fr. Shaji Pandaraparambil
Secratary, Presbyteral Council & Priest Conference ക

# BISHOP'S Engagements



| | | |
|---|---|---|
| 01-13 | : | Abroad |
| 13 | : | St. Thomas' Old Age Home, Ramanathapuram |
| 14 | : | Therattu, Ramanathapuram |
| | | Santhom Creations & Mother Theresa Peace Home, Tirupur |
| 15 | : | Therattu, Ramanathapuram |
| 16 | : | First Holy Communion, Mullassery |
| 17 | : | First Holy Communion & Confirmation, Thottipalayam |
| 17-19 | : | TNBC, Poondy (Kumbakonam) |
| 20 | : | Therattu, Ramanathapuram |
| 21 | : | Therattu, Ramanathapuram |
| | | Holy Mass, Minor Seminary |
| 22 | : | Therattu, Ramanathapuram |
| 23 | : | Holy Mass, Porathur (Tcr) |
| | | Resource team class, Gandhipuram |
| 24 | : | Holy Mass, Tirupur |
| | | Catholica Congress-office-bearers' meeting, RNM |
| 25-26 | : | Therattu, Ramanathapuram |
| 28 | : | Class, Minor seminary |
| 31 | : | Diocesan Youth convention |

## From the Bishop's Diary

05 : വെള്ളാങ്കല്ലൂർ ദൈവാലയത്തിൽ വിവാഹമാശീർവ്വദിച്ചു.
- വൈകുന്നേരം 4.30ന് ഗാന്ധിപുരത്ത് റിസോഴ്സ് ടീമിന് ക്ലാസ്സെടുത്തു.

06 : രാവിലെ 10.00മണിക്ക് ട്രിനിറ്റി സ്കൂളിന്റെ ഓഫീസ് കോംപ്ലക്സ് ഉദ്ഘാടനം ചെയ്തു.

07 : തിരുപ്പൂരിൽ വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.
- 3.15pm ന് ജഡയംപാളയം സ്കൂളിന്റെ പുതിയ കെട്ടിടം വെഞ്ചിരിച്ചു.

08 : സെമിനാരി സന്ദർശിച്ചു. 9.00am ന് ദിവ്യബലിയർപ്പിച്ചു.

09 : രൂപതയുടെ ICSE School "Mater Dei" ഉദ്ഘാടനം ചെയ്തു. ക്ലാസ്സ് മുറികൾ വെഞ്ചിരിച്ചു.

13 : പാസ്റ്ററൽ കൗണ്സിലിലും രൂപതാദിനാഘോഷങ്ങളിലും പങ്കെടുത്ത് അദ്ധ്യക്ഷം വഹിച്ചു.

# വിശ്വാസപരിശീലനം

**Nirmal 16 Zonal Seminar, Gandhipuram**

X, XI, XII ക്ലാസ്സിലെ കുട്ടികൾക്കായുള്ള സെമിനാർ 17-ാം തീയതി 9.30am മുതൽ 4.00pm വരെ ഗാന്ധിപുരം, സായിബാബ കോളനി, പൂമാർക്കറ്റ്, വിശ്വാസപുരം, ഇടയാർപാളയം, അത്തിപ്പാളയം എന്നീ യൂണിറ്റുകളാണ് ഇതിൽ പങ്കെടുക്കേണ്ടത്. കൂടുതൽ വിവരങ്ങൾ (Catechetical diary Pg. No. 17) ഈ ക്ലാസ്സുകളിലെ ടീച്ചേഴ്സും വരേണ്ടതാണ്.

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് online Registration ന്റെ അവസാനത്തെ തീയതി ജൂലൈ 30-നാണ്. 31-ാം തീയതി എല്ലാ പള്ളികളും സ്ഥാപനങ്ങളും Registration Form ഉം ഫീസും കാറ്റിക്കിസം ഓഫീസിൽ എത്തിക്കേണ്ടതാണ്.

**Resource Team Seminar**

ഈ മാസത്തെ Resource Team Seminar ജൂലൈ 24-ാം തീയതി 3.00pm മുതൽ 5.00pm വരെ ഗാന്ധിപുരത്തുവച്ച് നടത്തുന്നതായിരിക്കും.

**Kids day Celebration**

Std I to VII വരെയുള്ള കുട്ടികൾക്കായി നടത്തുന്ന Kids day Seminar രാവിലെ 10 മുതൽ 3pm വരെ ആയിരിക്കും. ഓരോ യൂണിറ്റുകളുടെയും തീയതികൾ താഴെകൊടുത്തിരിക്കുന്ന വിധമായിരിക്കും.

**ZONAL- WISE CELEBRATION OF KIDS' DAY**

| SL.NO. | ZONE NO. | DATE | PARISH | PLACE OF CONDUCT OF KIDS' DAY |
|---|---|---|---|---|
| 1 | ZONE - FIVE | 10.07.2016 | SAIBABA COLONY | EDAYAPALAYAM |
| 2 | | | EDAYAPALAYAM | |
| 3 | | | KAVUNDAMPALAYAM | |
| 4 | ZONE- SIX | 24.07.2016 | HOLY TRINITY CATHEDRAL | CATHEDRAL |
| 5 | | | SULUR | |
| 6 | ZONE - THREE | 28.08.2016 | GANDHIPURAM | GANDHIPURAM |
| 7 | | | ATHIPALAYAM | |
| 8 | | | VISWASAPURAM | |
| 9 | ZONE- TWO | 04.09.2016 | TIRUPUR | TIRUPUR |
| 10 | | | PALLADAM | |

| | | | | |
|---|---|---|---|---|
| 11 | | | KANGAYAM | |
| 12 | | | DHARAPURAM | CAN JOIN ANY OF THE TWO PLACES NAMELY ERODE OR TIRUPUR ACCORDING TO CONVENIENCE. |
| 13 | | | CHENNIMALAI | |
| 14 | | | KARUR | |
| 15 | ZONE - ONE | 18.09.2016 | ERODE | ERODE |
| 16 | | | SASTRINAGAR | |
| 17 | | | POOMARKET | |
| 18 | ZONE - SEVEN | 16.10.2016 | PODANUR | PODANUR |
| 19 | | | KUNIAMUTHUR | |
| 20 | | | UKKADAM | |
| 21 | | | KARMADAI | |
| 22 | ZONE- FOUR | 06.11.2016 | METTUPALAYAM | KARAMADAI |
| 23 | | | P.N.PALAYAM | |
| 24 | | | VALPARAI | |
| 25 | ZONE - EIGHT | 13.11.2016 | POLLACHI | POLLACHI |
| 26 | | | SULESWARAMPATTI | |
| 27 | | | UDUMALPET | |

1. All the Units are requested to keep all the records ready for inspection on the day of visit.
2. After the completion of the inspection and visit by the central team, best unit will be decided and the award will be given on the Diocesan day. Therefore , there will not be best unit prize on the Diocesan Catechism Day.
3. The Director will address the PTA and the teachers and the students separately during the visit. Make arrangements for the same.
4. Five persons will be in the Inspection team and they will be visiting all the classes and grade assessed by them.

| SL.NO. | CODE NO | NAME OF THE PARISH | PLACE | MONTH | DATE OF VISIT |
|---|---|---|---|---|---|
| 1 | RR 09 | ST.ALPHONSA'S CHURCH, | PALLADAM | JUNE | 26.06.2016 |
| 2 | RR 08 | ST ELIZABETH CHURCH, | SULESWARAPATTY | JULY | 03.07.2016 |
| 3 | RR 02 | ST SEBASTIAN'S CHURCH, | UKKADAM | JULY | 10.07.2016 |
| 4 | RG01 | LOURDE'S FORANE CHURCH, | GANDHIPURAM | JULY | 17.07.2016 |
| 5 | RR03 | ST MARK'S CHURCH, | KUNIAMUTHUR | JULY, | 24.07.2016 |
| 6 | RR04 | ST. LUKE'S CHURCH, | VALPARAI | JULY | 31.07.2016 |
| 7 | RR01 | HOLY TRINITY CATHEDRAL, | RAMANATHAPURAM | AUGUST | 07.08.2016 |
| 8 | RR05 | ST PAUL'S CHURCH, | POLLACHI | AUGUST | 21.08.2016 |
| 9 | RR10 | ST SEBASTIAN'S CHURCH, | UDUMALAPET | AUGUST | 28.08.2016 |
| 10 | RE02 | ST MARY'S CHURCH, | KANGAYAM | SEPTEMBER | 04.09.2016 |
| 11 | RE03 | ST ANTONY'S CHURCH, | CHENNIMALAI | SEPTEMBER | 04.09.2016 |
| 12 | RR07 | ST CLOTIDA'S CHURCH, | PODANUR | SEPTEMBER | 11.09.2016 |
| 13 | RR06 | ST THOMAS' CHURCH, | SULUR | SEPTEMBER | 18.09.2016 |
| 14 | RG-11 | HOLY FAMILY MISSION CNTRE, | ATHIPALAYAM | OCTOBER | 16.10.2016 |
| 15 | RG03 | LITTLE FLOWER CHURCH, | SAIBABA COLONY | OCTOBER | 23.10.2016 |
| 16 | RG04 | ST.JOSEPH'S CHURCH, | KAUDAMPALAYAM | OCTOBER | 30.10.2016 |
| 17 | RG05 | ST.JOSEPH'S CHURCH, | POOMARKET | NOVEMBER | 06.11.2016 |
| 18 | RG08 | INFANT JESUS CHURCH, | EDAYAPALAYAM | NOVEMBER | 13.11.2016 |
| 19 | RG07 | ST.ANTONY'S CHURCH, | VISWASAPURAM | DECEMBER | 04.12.2016 |
| 2 | RG06 | ST.JOSEPH'S CHURCH, | METTUPALAYAM | DECEMBER | 11.12.2016 |
| 21 | RG02 | GOOD SHEPHERD CHURCH, | KARAMADAI | DECEMBER | 18.12.2016 |
| 22 | RE01 | LOURDE MATHA FORANE, | ERODE | JANUARY | 08.01.2017 |
| 23 | RG09 | JOHN PAUL MISSION, | PNK PALAYAM | JANUARY | 15.01.2017 |
| 24 | RE04 | MOUNT CARMEL CHURCH, | TIRUPUR | JANUARY | 22.01.2016 |
| 250 | RE05 | ST. ANTONY'S CHURCH, | SHASTRINAGAR | JANUARY | 29.01.2017 |
| 26 | RE06 | ST. JUDE'S CHURCH, | DHARAPURAM | FEBRUARY | 05.02.2017 |
| 27 | RE07 | ST ANTONY'S CHURCH, | KARUR | FEBRUARY | 12.02.2017 |

Catechism Teachers one day picnic2016

**ഫാ. ജിനോജ് പാലതടത്തിൽ**
അസി. ഡയറക്ടർ

**ഫാ. ജോബി തെക്കിനേടത്ത്**
ഡയറക്ടർ

**Office Number : 9786137938**

**KFT (Kidney Function Test) :** മേട്ടുപാളയം സെന്റ് ജോസഫ്സ് ദൈവാലയത്തിൽ മെയ് 15ന് ഞായറാഴ്ച KFT Programme നടത്തി. ഇതിൽ നൂറിൽ പരം ജനങ്ങൾ പങ്കെടുത്തു. സഹകരണം വഴി സഹായിച്ച വികാരിയച്ചനും ഇടവക ജനങ്ങൾക്കും നന്ദി.

**Rural Summer Camp. :** കാരമടൈ, ബെല്ലാദി ഭാഗത്ത് ഗ്രാമങ്ങളിൽ കുട്ടികൾക്കായുള്ള അവധിക്കാല സെമിനാർ നടത്തി. ഇതിൽ അറുപത് കുട്ടികൾ പങ്കെടുത്തു. ഒരു ആഴ്ച നീണ്ടുനിന്ന ഈ ക്യാമ്പിൽ കരുണയുടെ വിശുദ്ധവത്സരം പ്രാണിച്ച് കാരുണ്യപ്രവൃത്തികൾ ഏഴിനെയും കുറിച്ച് ക്ലാസ്സുകൾ നടത്തി. എല്ലാ സഹകരണങ്ങളും നൽകിയ അഭിവന്ദ്യ പിതാവിന് പ്രത്യേകം നന്ദി. സഹായിച്ച എല്ലാ ബഹു. വൈദീകർക്കും ക്യാമ്പിന്റെ ക്രമീകരണങ്ങൾ നടത്തിത്തന്ന ജീവൻ ജ്യോതി ഡിറക്ടർ ഫാ. വിൽസൺ പ്ലായ്ക്കലിനും നന്ദി. ഭക്ഷണം ക്രമീകരിച്ച അമ്മമാർക്കും എല്ലാ ഉപകാരികൾക്കും നന്ദി.

**ഉല്ലാസ യാത്ര :** അവധിക്കാല ക്യാമ്പിന്റെ അവസാനദിവസം കാരമടൈ റിസർവ് ഭാഗത്തുള്ള "ബർളിക്കാട്" എന്ന സ്ഥലത്തേയ്ക്ക് ഉല്ലാസ യാത്ര നടത്തി.

**Digital India :** എല്ലാവർക്കും സൗജന്യമായി കമ്പ്യൂട്ടർ പരിശീലനം നൽകുന്നു. ഇതിനോടൊപ്പം കേന്ദ്രഗവൺമെന്റിന്റെ അംഗീകാരമുള്ള സർട്ടിഫിക്കറ്റും നൽകുന്നതാണ്. എല്ലാ ഇടവകകളും, സ്കൂളുകളും ഈ ആനുകൂല്യം പ്രയോജനപ്പെടുത്തുന്നതാണ്. നിങ്ങൾ ആയിരിക്കുന്നിടത്ത് ഞങ്ങൾ എത്തി ഈ സൗകര്യം ഏർപ്പെടുത്തിത്തരുന്നു.

**പ്രകൃതി ചികിത്സ :** സാൻതോം സൊസൈറ്റിയും എ.എൽ. സ്പൈൻ ക്യൂർ സെന്ററും ചേർന്ന് നടത്തുന്ന ഭക്ഷണക്രമം, അനുദിനം ഉപയോഗിക്കേണ്ട നല്ല ഉത്പന്നങ്ങൾ, ആരോഗ്യത്തിൽ സ്ത്രീകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള സെമിനാർ നൽകുന്നു.

**ക്യാൻസർ ടെസ്റ്റിങ്ങ് ക്യാമ്പ് :** ഗാന്ധിപുരം ഫൊറോന ദേവാലയത്തിൽ മാതൃവേദിയിലുള്ള അമ്മമാർക്കായി ജൂലൈ 1ന് ക്യാൻസർ ടെസ്റ്റിങ്ങ് ക്യാമ്പ് നടത്തി. രാമകൃഷ്ണ ആശുപത്രിയും സാൻതോം സൊസൈറ്റിയും ചേർന്ന് ഈ ക്യാമ്പ് നിർവ്വഹിച്ചു. സഹകരിച്ച ബഹു. വികാരിയച്ചനും കൊച്ചച്ചനും മാതൃവേദി ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

**ഏകദിനധ്യാനം**

ജൂലൈ മാസത്തെ ഏകദിനധ്യാനം ജൂലൈ 2 ശനിയാഴ്ച ഗാന്ധിപുരം ലൂർദ്ദ് ഫൊറോനദൈവാലയത്തിൽ വെച്ച് ഫാ. സൈമൺ ചെറുവത്തൂർ നയിക്കുന്നു. രാവിലെ 9ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3.30ന് ധ്യാനം അവസാനിക്കുന്നതാണ്.

**ജാഗരണപ്രാർത്ഥന :** ഈ മാസത്തെ ജാഗരണ പ്രാർത്ഥന ഉക്കടം സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ വെള്ളിയാഴ്ച രാത്രി 9 മണിക്ക് ആരംഭിച്ച് 9-ാം തിയ്യതി പുലർച്ചെ 2 മണിക്ക് അവസാനിക്കുന്നു. അന്നത്തെ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നത് ബ്ര. അനിൽ ജോർജ്ജ് (മുരിങ്ങൂർ, പോട്ട) ആയിരിക്കും. രാത്രിയുടെ യാമങ്ങളിൽ കർത്താവിനോടൊപ്പം പ്രാർത്ഥനയിൽ വ്യാപരിച്ച് നമുക്ക് ദൈവകൃപയ്ക്ക് അർഹരാകാം.

## മദർ തെരേസ പീസ് ഹോം

നമ്മെ വഴി നടത്തുന്ന കരുണാമയനായ ദൈവത്തിന് സ്തുതി. ഈ ഭവനത്തെ വിവിധരീതിയിൽ സഹായിച്ചുകൊണ്ടിരിക്കുന്ന എല്ലാവർക്കും ഒരായിരം നന്ദി. തുടർന്നും നിങ്ങളുടെ സന്ദർശനങ്ങളും സഹായങ്ങളും ഞങ്ങൾ സ്നേഹത്തോടെ പ്രതീക്ഷിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളിൽ ഒരാൾക്ക് കഴിഞ്ഞദിവസം അസുഖമായി കോയമ്പത്തൂർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കുറേപ്പേരുടെ സഹായവും കരുതലും ആ ദിവസങ്ങളിൽ ഞങ്ങൾക്കുണ്ടായി. ഡോ. ജോർജ്ജ് സക്കറിയായുടെയും മറ്റും സഹായം പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. കുഞ്ഞുങ്ങളെല്ലാം ഇപ്പോൾ സുഖമായിരിക്കുന്നു.

മെയ് 30ന് അഭിവന്ദ്യപിതാവിന്റെ അദ്ധ്യക്ഷതയിൽ കോർകമ്മറ്റികൂടുകയുണ്ടായി. പീസ് ഹോമിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തി. പണിനടക്കുന്ന രണ്ടാംഘട്ട കെട്ടിടത്തിന്റെ നിർമ്മാണ ചിലവിനെക്കുറിച്ച് ഗൗരവമായ ചർച്ച നടന്നു. എല്ലാ നല്ല മനസ്സുകളുടെയും സഹായം പ്രതീക്ഷിക്കുന്നു.

**ഈ ഭവനം സന്ദർശിച്ചവർ :** 1. സി. റോസിലി പിടിയത്ത് (മദർ ജനറൽ SNDS) & ജനറൽ ഹൗസിലെ അംഗങ്ങളായ സിസ്റ്റേഴ്സ്, 2. രാമനാഥപുരം രൂപതയിലെ വൈദികർ, 3. ഫാ. ജോസ് പോൾ പുലിക്കോട്ടിൽ, 4. സെന്റ് ആൻസ് സിസ്റ്റേഴ്സ്, പള്ളപ്പാളയം, 5. സി. അഞ്ജലിന പുലിക്കോട്ടിൽ, 6. ബ്ര. ജോമി & ടീം ക്രിസ്റ്റീൻ

**മെയ് സഹായ ഹസ്തങ്ങൾ :** 1. Mr. Vijeesh - Viswasapuram, 2. Mr. Augustin Mangalam - Tirupur, 3. Little Flower Convent - Tirupur, 4. Mr. Cherian Joseph - Manjappra, 5. Mis. Jini Shaju Thekken - Tirupur, 6. Mr. Joseph Chandrashekar - Tirupur, 7. Mr. Jose Thadikkaran - Tirupur, 8. Mr. Xavier T.A. - Paravattani, 9. Mr. Vincent A.P. - Tirupur, 10. Mr. Promod Philip - Tirupur, 11. Mr. Joseph Samuel - Tirupur.

# തിരുബാലസഖ്യം

1. രൂപതയിൽ തിരുബാലസഖ്യം ആനിമേറ്ററായി സേവനം ചെയ്ത Rev. Sr. Mary Anto (FCC) യ്ക്ക് സ്നേഹത്തോടെ നന്ദി രേഖപ്പെടുത്തുന്നു. പുതിയ ആനിമേറ്ററായി നിയമിക്കപ്പെട്ടിരിക്കുന്ന Rev. Sr. Jeena Jacob (FCC) നെ തിരുബാലസഖ്യം കൂട്ടായ്മയിലേക്ക് സ്വാഗതം! അഭിനന്ദനങ്ങൾ! ആശംസകൾ!

2. **Angel's Meet 2016 (7th August, Sunday 2016)**

സ്നേഹമുള്ള വൈദികരേ, ആനിമേറ്റേഴ്സ്, മാതാപിതാക്കളേ, ഈശോയുടെ കുഞ്ഞുമക്കളേ,

ഈ വരുന്ന ആഗസ്റ്റ് മാസം 7-ാം തിയ്യതി ഞായറാഴ്ച ഉച്ചക്കഴിഞ്ഞ് 2.30ന് ഈ വർഷം ആദ്യകുർബാനസ്വീകരിച്ച കുട്ടികളുടെയും മാതാപിതാക്കളുടെയും സംഗമം രാമനാഥപുരം കത്തീഡ്രൽ ദേവാലയത്തിൽ വച്ച് നടത്തുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു. അന്നേദിവസം അഭിവന്ദ്യ പോൾ ആലപ്പാട്ട് പിതാവ് ഈശോയെ സ്വീകരിച്ച കുഞ്ഞുമക്കൾക്കും അവരുടെ മാതാപിതാക്കൾക്കുവേണ്ടി ബലിയർപ്പിച്ച് പ്രാർത്ഥിക്കുന്നു. ഈ സംഗമത്തിലേയ്ക്ക് ബഹു. വൈദികരെയും ആനിമേറ്റേഴ്സിനേയും മാതാപിതാക്കളെയും കുട്ടികളെയും സ്നേഹത്തോടെ ക്ഷണിച്ചുകൊള്ളുന്നു.

**ആനിമേറ്റേഴ്സ് ശ്രദ്ധിക്കേണ്ടകാര്യങ്ങൾ**

1. കുട്ടികളുടെ Memento തയ്യാറാക്കാനുള്ള Full Size Colour ഫോട്ടോകൾ ഡയറക്ടർ അച്ചനെയോ ആനിമേറ്റർ Sr. Jeena Jacob നെയോ ഈ വരുന്ന ജൂലൈ 15-ാം തിയ്യതിക്ക് മുൻപായി ഏൽപ്പിക്കേണ്ടതാണ്. ഫോട്ടോകൾ വൈകി ലഭിച്ചാൽ Memento തയ്യാറാക്കാൻ സാധിക്കില്ല എന്നുള്ളകാര്യം ഓർമ്മപ്പെടുത്തുന്നു.

2. ആഗസ്റ്റ് 7ന് വി. ബലിയ്ക്ക് കാഴ്ച സമർപ്പണത്തിനായി ഓരോ ഇടവകയിൽ നിന്നും 2 ആൺകുട്ടികളെയും 2 പെൺകുട്ടികളെയും ഒരുക്കുകയും യൂണിറ്റിലെ കുട്ടികളിൽനിന്ന് ലഭിക്കുന്ന സംഭാവനകൾ കാഴ്ചയായി സമർപ്പിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

3. അതാത് യൂണിറ്റുകളിലെ ആനിമേറ്റേഴ്സ് യൂണിറ്റുകളിലെ തിരുബാലസഖ്യം കുട്ടികളുടെ പേരുകൾ രൂപതാതലത്തിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

4. ജൂലൈ 30 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 മണിയ്ക്ക് ഓരോ ഇടവകയിൽനിന്നുള്ള ആനിമേറ്റേഴ്സിന്റെ മീറ്റിംഗ് രാമനാഥപുരം കത്തീഡ്രൽ പാരീഷ്ഹാളിൽ കൂടുന്നതാണ്.

# സീറോ മലബാർ മാതൃവേദി

**ഫോറോനമീറ്റിംങ്ങുകൾ**

ജൂൺ മാസം 14, 21, 28 മൂന്നു ചൊവ്വാഴ്ചകളിലായി ഫൊറോനതല ത്തിൽ ഫൊറോന ഭാരവാഹികളുടെയും ആനിമേറ്ററുടെയും നേതൃ ത്വത്തിൽ മീറ്റിംഗുകൾ നടന്നു. ഫോറോനതലത്തിൽ നടത്തപ്പെടേണ്ട പരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനമെടുത്തു. ഫൊറോനസെമിനാറുകൾ, ഫൊറോനമത്സരങ്ങൾ, ഫൊറോനതല കാരുണ്യവർഷ പരിപാടികൾ എന്നിവയായിരിക്കും ഫൊറോന വികാരിയച്ചന്റെയും ആനിമേറ്ററുടെയും നേതൃത്വത്തിൽ ഭാരവാഹി കൾ ഒരുമിച്ചുകൂടി നടത്തേണ്ടതാണ്.

**കരുണയുടെ സ്ഥാപനസന്ദർശനം**

ജൂലൈമാസത്തിൽ മാതൃവേദിയുണിറ്റ് അടിസ്ഥാനത്തിൽ കരുണ യുടെ സ്ഥാപനങ്ങൾ സന്ദർശിക്കുകയും അവിടുത്തെ ഒരുദിവ സത്തെ ജോലികളിൽ സഹായിക്കുകയും ചെയ്യുക. മൂന്നുമണിക്കൂറിൽ അധികമെങ്കിലും അവരോടൊപ്പം ആയിരിക്കാൻ പരിശ്രമിക്കുക.

# സെമിനാരി വിശേഷം

ഏപ്രിൽ 17 മുതൽ മെയ് 2 വരെ Major Seminarians get together നടത്തി. പരസ്പര സൗഹൃദം പുതുക്കുവാനും അനുഭവം പങ്കുവയ്ക്കുവാനും ഇത് അവരെ സഹായിച്ചു. ഇംഗ്ലീഷ്, തമിഴ് ഭാഷകൾ കൂടുതൽ ഹൃദ്യസ്ഥ മാക്കാൻ ഡോ. ജോൺ പ്രഭാകരും സി. പാവന എഫ്.സി.സി.യും ക്ലാസ്സു കളെടുത്തു.

തങ്ങളുടെ ദൈവിളിയുടെ പ്രധാന്യം തിരിച്ചറിയുവാനും വന്നുപോയ കുറവുകൾ തിരുത്തുവാനും ദൈവസ്നേഹ തീക്ഷ്ണതയാൽ ജ്വലിക്കു വാനുമായി രൂപതയുടെ എല്ലാ വൈദിക വിദ്യാർത്ഥികളും ധോണിയിലെ മരിയൻ ധ്യാനകേന്ദ്രത്തിൽ ഒരാഴ്ച ധ്യാനത്തിൽ സംബന്ധിച്ചു.

അവധിക്കാലം കഴിഞ്ഞ് വൈദിക വിദ്യാർത്ഥികൾ യഥാക്രമം മെയ് 20,30 തീയതികളിൽ സെമിനാരിയിൽ തിരിച്ചെത്തി. സെമിനാരിയിൽ സ്തുത്യർഹമായ Regency സേവനത്തിനുശേഷം ബ്ര. ഡെറിൻ പള്ളി ക്കുന്നത്ത് തന്റെ ദൈവശാസ്ത്രപഠനത്തിനായി ആലുവ പൊന്തിഫി ക്കൽ സെമിനാരിയിലേക്ക് പോയി. പുതിയ Regent Bro. Charles Chirammel നെ സെമിനാരി കുടുംബം വരവേറ്റു. സെമിനാരിയെ സംബ ന്ധിച്ചും അതിലുപരി രാമനാഥപുരം രൂപതയെ സംബന്ധിച്ചും വളരെ അനുഗ്രഹിക്കപ്പെട്ട ദിവസമായിരുന്നു മെയ് 26. തൃശൂർ അതിരൂപതയുടെ

കീഴിലുള്ള എല്ലാ രൂപതകളും ചേർന്നുള്ള Inter Diocesan കീഴിലുള്ള കൂരിയാ മീറ്റിംഗ് സെമിനാരിയിൽ നടന്നു. മാർ ആൻഡ്രൂസ് താഴത്ത്, മാർ റാഫേൽ തട്ടിൽ, മാർ ജേക്കബ് മനത്തോടത്ത്, മാർ പോളി കണ്ണൂക്കാടൻ, മാർ പോൾ ആലപ്പാട്ട് പിതാക്കന്മാരും കൂരിയാംഗങ്ങളും ഇതിൽ സംബന്ധിച്ചു.

മൈനർ സെമിനാരി പഠനം വിജയപ്രദമായി പൂർത്തിയാക്കിയ 5 സഹോദരന്മാർ യഥാക്രമം തൃശൂർ, ആലുവ, കോട്ടയം എന്നീ മേജർ സെമിനാരികളിലേക്ക് തത്വശാസ്ത്രപഠനത്തിനായി യാത്രതിരിച്ചു.

സെമിനാരി കുടുംബം മാതാവിന്റെ വണക്കമാസം കാലം കൂടി. ജപമാല പ്രദക്ഷിണവും തുടർന്ന് നേർച്ചപായസം വിതരണം ചെയ്യുകയും ചെയ്തു. ഈശോയുടെ തിരുഹൃദയ തിരുനാളും മാതാവിന്റെ വിമലഹൃദയ തിരുനാളും സുറിയാനി സഭാപിതാവ് വി. അപ്രേമിന്റെ തിരുനാളും സെമിനാരി കുടുംബം സഘോഷപൂർവ്വം കൊണ്ടാടി, ഈശോയുടെ തിരുഹൃദയ പ്രതിഷ്ഠ പുതുക്കി. പുതിയ അധ്യയനവർഷത്തിനുമുമ്പായി സെമിനാരി ടീച്ചേഴ്സിന്റെ മീറ്റിംഗ് നടന്നു. അറിവിന്റെ വെളിച്ചം പകരുവാൻ ഈ വർഷം കടന്നുവന്ന സി. ഷെറിൻ സി.എം.സി.ക്ക് സെമിനാരി കുടുംബം സ്വാഗതമേകി.

തങ്ങൾക്കുലഭിച്ച വിളിയുമായി 13 സഹോദരങ്ങൾ സെമിനാരിയിലേക്ക് കടന്നുവന്നു. പ്രാർത്ഥനാപൂർവ്വം സെമിനാരികുടുംബം അവരെ സ്വീകരിച്ചു. പുതിയ വൈദിക വിദ്യാർത്ഥികൾക്ക് ഓറിയന്റേഷൻ ക്ലാസിനായി ഫാ. ജോബ് പടയാട്ടി സെമിനാരിയിൽ എത്തിച്ചേർന്നു. ഈ സഹോദരങ്ങളെ കാണുവാനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനുമായി പിതാവ് സെമിനാരിയിലെത്തുകയും ഭദ്രദീപം തെളിയിച്ച് പുതിയ അധ്യയന വർഷത്തിന് ആരംഭം കുറിക്കുകയും ചെയ്തു. പിതാവിന്റെ നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുകയും മധുരം പങ്കുവയ്ക്കുകയും ചെയ്തു.

**New Admission -2016**

| Name | Parish | Diocese |
|---|---|---|
| 1. Br. Joel Kunnathuparambil | Mannampetta | Trissur |
| 2. Br. Jimin Nilayattingal | Venginissery | Trissur |
| 3. Br. Ajeesh Arimbur | Venginissery | Trissur |
| 4. Br. Ashik Marottikkal | Kuzhur | Irinjalakuda |
| 5. Br. Arun Thattakathu | Madathumpady | Irinjalakuda |
| 6. Br. Hedvik Vazhappilly | Edakalathur | Trissur |
| 7. Br. Emil Olikunnel | Chilavu | Kothamangalam |
| 8. Br. Jibin Thazhunga | Mothirakanni | Irinjalakuda |
| 9. Br. Jinto Puthenpurakkal | Meenkunnam | Kothamangalam |
| 10. Br. Nelson Kalapurakkal | Mannampetta | Trissur |
| 11. Br. Edwin Komban | South Varakara | Trissur |
| 12. Br. Alex Kalarickal | Arakuzha | Kothamangalam |
| 13. Br. Lijo Kunnan | Nedupuzha | Trissur |

# കത്തോലിക്കാ കോൺഗ്രസ്സ്

**നിയമാവലി ചർച്ച ക്ലാസ്സുകൾ**

ഇടവകയിൽ കത്തോലിക്കാ കോൺഗ്രസ്സ് നിയമാവലി വികാരിയച്ചന്റെ നേതൃത്വത്തിൽ സി.വൈ.എം., പിതൃവേദി, മാതൃവേദി, കുടുംബക്കൂട്ടായ്മ, ജീസസ്സ് യൂത്ത് ഭാരവാഹികൾ, മാതൃവേദി എന്നീ സംഘടനകൾ ചർച്ച ചെയ്ത്. അഭിപ്രായങ്ങൾ രൂപീകരിക്കണമെന്ന് പിതാവ് എല്ലാവരെയും ഉദ്ബോധിപ്പിച്ചു. അത് അനുസരിച്ച് ഇടവകയിൽ ചർച്ചാക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക.

**24-07-2016 ഞായറാഴ്ച കത്തോലിക്കാ കോൺഗ്രസ്സ് സമ്മേളനം**

രൂപതാതലത്തിൽ 24-07-2016 ഞായറാഴ്ച ഉച്ചകഴിഞ്ഞ് മൂന്ന് മണിക്ക് രാമനാഥപുരം പാരീഷ് ഹാളിൽ വച്ച് കത്തോലിക്കാ കോൺഗ്രസ്സിന്റെ സമ്മേളനം നടത്തുന്നതാണ്. അഭിവന്ദ്യ പിതാവ് മാർ പോൾ ആലപ്പാട്ട് അദ്ധ്യക്ഷതവഹിക്കുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ പിതൃവേദി, മാതൃവേദി, സി.വൈ.എം., കുടുംബക്കൂട്ടായ്മ, ജീസ്സസ് യൂത്ത്, ഫാമിലി അപ്പസ്തോലേറ്റ് എന്നിവയിലെ ഇടവക, ഫൊറോന, രൂപത ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കുക.

# ചെറുപുഷ്പ മിഷൻ ലീഗ്

- പുതിയൊരു അധ്യായനവർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന എല്ലാകുഞ്ഞുമക്കൾക്കും ആശംസകൾ നേരുന്നു. പുതിയ അധ്യയനവർഷം ഒരു ദൈവാനുഗ്രഹം നിറഞ്ഞ അനുഭവമാക്കാൻ ആശംസകൾ നേരുന്നു.
- **CAP India** ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്തവർ എത്രയും വേഗം അത് നടത്തുവാൻ ഓർമ്മിപ്പിക്കുന്നു. യൂണിറ്റ് ഭാരവാഹികളും ആനിമേറ്റേഴ്സും പ്രത്യേകം ഇതിന് കുഞ്ഞുമക്കളെ സഹായിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.
- ജൂൺ 25-ാം തീയതി CML ജനറൽ ബോഡി മീറ്റിംഗ് ഉക്കടത്തു വച്ച് നടത്തുകയുണ്ടായി. ഇതിലേക്ക് യൂണിറ്റ് ഭാരവാഹികളെ പറഞ്ഞുവിട്ട എല്ലാ വികാരിയച്ചന്മാർക്കും ഒത്തിരിസ്നേഹത്തോടെ നന്ദിപറയുന്നു.
- കരുണയുടെ ഈ വർഷത്തിൽ മുൻപു സൂചിപ്പിച്ചതുപോലെ നിങ്ങൾക്ക് ലഭിക്കുന്ന പോക്കറ്റ് മണികൾ മാറ്റിവച്ച് അത്

ക്യാൻസർ, ഡയാലിസസ്സ് രോഗികൾക്കായി ഉപയോഗിക്കാം. യൂണിറ്റ് ആനിമേറ്റേഴ്സ് ഇതിന് മുൻകൈ എടുക്കാൻ മറക്കരുതേ.

## കാത്തലിക് യൂത്ത് മൂവ്മെന്റ്

- നമ്മുടെ രൂപതാ CYM ന്റെ നേതൃത്വത്തിൽ നടത്തുന്ന യൂത്ത് മീറ്റ് 'Asher -2016' ലേക്ക് എല്ലാവരേയും ഒത്തിരി സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു. ബഹു. മാരിയോ ജോസഫ് നയിക്കുന്ന ഈ യുവജനസംഗമം വിജയപ്രദമാക്കുവാൻ എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.
- രൂപതാ CYM ന്റെ നേതൃത്വത്തിലുള്ള ജനറൽ ബോഡി മീറ്റിംഗ് 5-6 -2016ൽ ഉക്കടത്തുവച്ച് നടത്തപ്പെടുകയുണ്ടായി. പങ്കെടുത്ത എല്ലാ യൂണിറ്റ് ഭാരവാഹികൾക്കും ഇതിനായി ഇവരെ ഒരുക്കിയ എല്ലാ വികാരി അച്ചന്മാർക്കും ഒത്തിരി സ്നേഹത്തോടെ നന്ദിപറയുന്നു.
- 'Asher-2016' ന്റെ രജിസ്ട്രേഷൻ ജൂലൈ 31 ഞായറാഴ്ച രാവിലെ 8.30 മുതൽ ആരംഭിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 30 രൂപയാണ്. എല്ലാവരും നേരത്തെ തന്നെ എത്തിച്ചേരുവാൻ സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.
- CAP India- യുടെ രജിസ്ട്രേഷൻ നടത്താത്ത യൂണിറ്റുകൾ എത്രയും വേഗം നടത്താൻ ഓർമ്മിപ്പിക്കുന്നു. യൂണിറ്റ് ഭാരവാഹികൾ ഇതിന് മുൻകയ്യെടുക്കാൻ ശ്രദ്ധിക്കണെ.
- യുവജനധ്യാനമായ "Asher 2016'' ലേക്ക് വരുന്ന ചിലവുകൾക്കായി ജൂലൈ 24ന് ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച മാറ്റിവെക്കണമെന്നകാര്യം സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു. ജൂലൈ 24ന് കുർബാനമധ്യ വികാരിയച്ചന്മാർ ഇക്കാര്യം ഓർമ്മിപ്പിക്കണമെന്നും ജൂലൈ 31ന് രജിസ്ട്രേഷൻ സമയത്ത് ഈ തുക കൊടുത്തയക്കണമെന്നും സന്തോഷത്തോടെ അറിയിക്കുന്നു.

## എസ്. എം. ആർ. സി.

- മെയ് 27, 28, 29 എന്നീ തീയതികളിൽ നടന്ന ഹോളിട്രിനിറ്റി ഫൊറോനപള്ളിയുടെ സുവർണ്ണജൂബിലി ആഘോഷപരിപാടികളിൽ പ്രത്യേകിച്ച് ജൂബിലിയുടെ സമാപനദിനമായ 29-ാം തീയതിയിലെ വി. ബലിയും മറ്റ് പരിപാടികളിലും എസ്.എം.ആർ.സി. അംഗങ്ങൾ സന്നിഹതരായിരുന്നു.
- X, XII ക്ലാസ്സുകളിൽ പ്രശസ്തവിജയം കൈവരിച്ച എല്ലാ വിദ്യാലയ

ങ്ങൾക്കും അധികാരികൾക്കും മാനേജ്മെന്റിനും ടീച്ചേഴ്സ് & സ്റ്റുഡന്റ് സിനും അതിലുമുപരി XII- Std ൽ 1193/1200 മാർക്ക് വാങ്ങി district I & State III കരസ്ഥമാക്കിയ Miss Samrith ക്കും Vimal Jyothi Matric Hr. Secondary School Principal Sr. Filsy യ്ക്കും മറ്റെല്ലാവർക്കും SMRC യുടെ അഭിനന്ദനങ്ങൾ.

- ജൂൺ 11-ാം തിയ്യതി നടന്ന രൂപതാദിനപരിപാടികളിൽ സമർപ്പിത സമൂഹത്തിൽനിന്ന് ആശംസകൾ അർപ്പിച്ച റവ. ഫാ. വിൻസൺ മൊയിലൻ സി.എം.ഐ. (SMRC പ്രസിഡന്റ്) Sr. Mary Deena FCC (SMRC ട്രഷറർ) യ്ക്കും നന്ദിപറയുന്നുതിനോടൊപ്പം അന്നേദിവസം മേഖലകളിൽ അവാർഡിനർഹരായ സമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും വിദ്യാർത്ഥികൾക്കും SMRC യുടെ അഭിനന്ദനങ്ങൾ.
- St. George's Convent ന്റെ 50 വർഷത്തെ സുവർണ്ണജൂബിലിയുടെ സമാപനമായി 14-06-16 രാവിലെ സ്നേഹ ബഹു. ജോൺസൺ വീപ്പാട്ടുപ്പറമ്പിലച്ചൻ ദിവ്യബലിയർപ്പിക്കുകയും സ്തോത്രഗീതം പാടി ദൈവം തന്ന നന്മകൾക്ക് നന്ദിയർപ്പിക്കുകയും ചെയ്തു. സ്നേഹവിരുന്നോടെ സുവർണ്ണജൂബിലിക്ക് സമാപനം കുറിച്ചു.
- ഈ കാലയളവിൽ വിവിധ ആശ്രമങ്ങളിലും മഠങ്ങളിലും സ്നേഹ ശുശ്രൂഷ ചെയ്ത് തിരിച്ചുപോയ അധികാരികൾക്കും അംഗങ്ങൾക്കും SMRC യുടെ നന്ദിയും പുതിയതായി ചാർജ്ജെടുത്ത സുപ്പീരിയേഴ്സിനും അംഗങ്ങൾക്കും SMRC യുടെ ആശംസയും നേരുന്നു.

## കുടുംബകൂട്ടായ്മകൾക്കുള്ള പഠനവിഷയം

**4-ാം പ്രമാണം - "നിന്റെ ദൈവമായ കർത്താവു തരുന്ന രാജ്യത്തു നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിനു നിന്റെ പിതാവിനേയും മാതാവിനേയും ബഹുമാനിക്കുക" (പുറ. 20/12).**

പത്തു പ്രമാണങ്ങളെ രണ്ടു വിഭാഗങ്ങളായി തിരിച്ച് കാണാറുണ്ട് 1. ദൈവത്തോടുള്ളവ, 2. മനുഷ്യനോട് അഥവാ പരസ്പരം പാലിക്കേണ്ടവ. കഴിഞ്ഞ ലക്കങ്ങളിൽ ആദ്യഭാഗം നമ്മൾ പൂർത്തിയാക്കി. ഇപ്പോൾ രണ്ടാം ഭാഗത്തിലേക്ക് കടക്കുന്നു.

**ചിന്തിക്കേണ്ട വസ്തുതകൾ**

- ഈ പ്രമാണങ്ങൾ പ്രധാനമായും മക്കളെ ഉദ്ദേശിച്ചുള്ളതാണ്. അതുകൊണ്ട് തന്നെ ഈ പ്രമാണ പേരും പറഞ്ഞ് മാതാപിതാ

ക്കൾ മക്കളെ ഉപദേശിക്കേണ്ടത് അനിവാര്യമാണ്, ആവശ്യമാണ്, നിശ്ചയമായും നടക്കേണ്ടതുമാണ്.

- ഉപദേശിക്കുമ്പോൾ മറന്നുപോകാതിരിക്കേണ്ടകാര്യം നിങ്ങൾ മാതാപിതാക്കളായി ഭൂമിയിലേക്ക് പിറന്നുവീണവരല്ല. ആരുടെയൊക്കയൊ മക്കളായി ജനിച്ചവരാണ്. മാതാപിതാക്കൾ മരിച്ചുപൊയെന്നാലും ജീവിച്ചിരിക്കുന്നുണ്ടെങ്കിലും നമ്മൾ മക്കൾ തന്നെയാണ്.
- അതിനാൽ മക്കളെന്ന നിലയിലുള്ള നിങ്ങളുടെ കടമകൾ മാതാപിതാക്കളായിരിക്കുന്ന മക്കളെ നിങ്ങൾ നിറവേറ്റിയോ?
- അതുകൊണ്ട് കുടുംബയൂണിറ്റിൽ ഈ വിഷയം ചിന്തിക്കേണ്ടത്, ഈ കൂട്ടത്തിലായിരിക്കുന്നവരെല്ലാവരും മക്കളാണ് എന്ന നിലയിൽ നിന്നുകൊണ്ടാണ്. അതുകൊണ്ട് വളർന്ന മക്കൾ ഒന്നു പിന്തിരിഞ്ഞു നോക്കേണ്ടിവരും. മക്കളെന്ന് അവർ വിളിക്കപ്പെട്ടിരുന്ന ആ കാലങ്ങളിലേക്ക്...

**എന്തുകൊണ്ട് ഈ പ്രമാണം നൽകപ്പെട്ടിരിക്കുന്നു?**

ബൈബിളിൽ ഇല്ലെങ്കിലും നമ്മുടെ ഭാരതസംസ്കാരത്തിൽ മുഴങ്ങുന്ന ഒന്നാണ് മാതാ-പിതാ-ഗുരു-ദൈവം. മാതാവും പിതാവും ഗുരുവും ദൈവതുല്യരാണെന്ന് പഠിപ്പിക്കുന്നു. പൗലോസ് ശ്ലീഹാ എഫേസൂസ് 6/2-3 ൽ വ്യക്തമായി പറയുന്നു: "വാഗ്ദാനത്തോട് കൂടിയ ആദ്യത്തെ കല്പനഇതത്രെ". വാഗ്ദാനം ചെയ്യപ്പെട്ട പ്രതിഫലങ്ങൾ ഇവയാണ്. 'നന്മ'യും ദീർഘകാലം 'ജീവൻ' ഭൂമിയിലും. അനന്ത നന്മയാണ് ദൈവം, അതേ ദൈവം പറയുന്നു: 'ഞാനാണ് ജീവൻ'. അതിനർത്ഥം അവരെ ബഹുമാനിക്കുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട പ്രതിഫലം ദൈവം തന്നെയാണ്.

ദൈവം ഈ പ്രമാണത്തെ എത്രമാത്രം വിലമതിക്കുന്നുവെന്ന് പഴയ നിയമത്തിലൂടെയും പുതിയനിയമത്തിലൂടെയും നമ്മോട് വ്യക്തമായി വചനം പറയുന്നുണ്ട്. "മകനെനിന്റെ പിതാവിന്റെ പ്രബോധനം ചെവിക്കൊള്ളുക, മാതാവിന്റെ ഉപദേശം നിരസിക്കരുത്, അവ നിന്റെ ശിരസ്സിന് വിശിഷ്ട ഹാരവും കഴുത്തിന് പതക്കങ്ങളുമത്രെ" (സുഭാഷിതങ്ങൾ 1-8 ). "ഒരുവന് ദുർവാശിക്കാരനും ധിക്കാരിയും മാതാപിതാക്കന്മാരുടെ വാക്കുകേൾക്കുകയോ ശിക്ഷിച്ചാൽപോലും അവരെ അനുസരിക്കുകയോ ചെയ്യാത്തവനുമായ ഒരു മകൻ ഉണ്ടെന്നിരിക്കട്ടെ. മാതാപിതാക്കന്മാർ അവനെപട്ടണവാതിൽക്കൽ ശ്രേഷ്ഠന്മാരുടെ അടുക്കൽകൊണ്ടുചെന്ന്, അവരോടുപറയണം: നിങ്ങളുടെ ഈ മകൻ ദുർവാശിക്കാരനും ധിക്കാരിയുമാണ്. അവൻ ഞങ്ങളെ അനു

സരിക്കുന്നില്ല. ഭോജനപ്രിയനും മദ്യപനുമാണ്. അപ്പോൾ പട്ടണവാസികൾ അവനെകല്ലെറിഞ്ഞുകൊല്ലണം. അങ്ങനെആ തിന്മ നിങ്ങളുടെ ഇടയിൽനിന്ന് നീക്കിക്കളയണം. ഇസ്രായേൽ മുഴുവൻ ഇതു കേട്ട് ഭയപ്പെടട്ടെ" (നിയമ. 21:18-21).

"പിതാവിനെയോ, മാതാവിനെയോ അടിക്കുന്നവൻ വധിക്കപ്പെടണം" (പുറപ്പാട് 21-15). "വിവേകമുള്ള മകൻ പിതാവിന്റെ ഉപദേശം കേൾക്കുന്നു" (സുഭാഷിതങ്ങൾ 13-1). "പിതാവിനെപരിഹസിക്കുകയും അമ്മയെ അവഞ്ജയോടെ ധിക്കരിക്കുകയും ചെയ്യുന്നവന്റെ കണ്ണ്, മലങ്കാക്കകൾ കൊത്തിപറിക്കുകയും കഴുകന്മാർ തിന്നുകയും ചെയ്തു" (സുഭാഷിതങ്ങൾ 30-17).

"കുട്ടികളെ എല്ലാകാര്യങ്ങളിലും നിങ്ങളുടെ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. അത് കർത്താവിന് പ്രീതികരമത്രെ" (കൊളോസൂസ് 3-20).

മേൽപ്പറഞ്ഞ വചനങ്ങളിലൂടെ മാതാപിതാക്കളോടുള്ള അനുസരണം ദൈവം എന്തുമാത്രം വിലമതിക്കുന്നു എന്ന് നമുക്ക് കാണാനാകും. എന്നാൽ കാലക്രമത്തിൽ തങ്ങളുടെ ഇഷ്ടത്തിനുവേണ്ടി നിയമത്തെ വളച്ചൊടിച്ച യഹൂദർ മാതാപിതാക്കളെ ശുശ്രൂഷിക്കുകയെന്നതിനുപകരം ദൈവാലയത്തിൽ വഴിപാട് അർപ്പിച്ചാൽ മതിയെന്ന പഠനവുമായി രംഗത്തെത്തി. ഇതിനെതിരെ ദൈവമായ ഈശോതന്നെ പ്രതികരിക്കുന്നുണ്ട്. "പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക. പിതാവിനെയോ മാതാവിനെയോ അധിക്ഷേപിക്കുന്നവൻ മരിക്കണം എന്ന് ദൈവം കല്പിച്ചിരിക്കുന്നു. എന്നാൽ നിങ്ങൾ പറയുന്നു ആരെങ്കിലും തന്റെ പിതാവിനോടോ മാതാവിനോടോ എന്നിൽ നിന്നു നിങ്ങൾക്ക് ലഭിക്കേണ്ടത് വഴിപാടായി നൽകികഴിഞ്ഞു എന്നു പറഞ്ഞാൽ പിന്നെ അവൻ അവരെ സംരക്ഷിക്കേണ്ടതില്ലായെന്ന്. ഇങ്ങനെനിങ്ങളുടെ പാരമ്പര്യത്തിനുവേണ്ടി ദൈവവചനത്തെ നിങ്ങൾ വ്യർത്ഥമാക്കിയിരിക്കുന്നു" (മത്തായി 15:4-6).

ഈ ന്യൂജനറേഷൻ കാലഘട്ടത്തിലും നമ്മുടെ കൺമുമ്പിൽ കാണുന്ന രംഗം വിഭിന്നമല്ല. നൊന്തുപെറ്റ് പോറ്റിയ അമ്മയെ ഉറമ്പരിച്ചരീതിയിൽ ഉപേക്ഷിച്ചുപൊകുന്ന മക്കൾ. സ്വന്തം അമ്മയെ ടൗണിൽ ഉപേക്ഷിച്ച് കടന്നുകളഞ്ഞ മകൻ. സ്വന്തം അപ്പന്റെ പേര് ദോഷകരമാണെന്ന് കല്പിച്ചതിന്റെ പേരിൽ അപ്പന്റെ പേര് മാറ്റാൻ തയ്യാറായ ഒരു കായികതാരത്തോട്, മോനെ, ഞാൻ കാരണമാണ് നീ ഭൂമിയിൽ ഉണ്ടായത്. ആ എന്റെ പേര് നിനക്ക് ദോഷമായോ എന്നു ചോദിക്കേണ്ടിവന്ന ഒരപ്പന്റെ ഗതികെട്ട അവസ്ഥ. നിന്റെ അപ്പനും

അമ്മയും നിന്നോട് എന്താ പറയാറ്? പറയുന്നത് നീ അറിയാറുണ്ടോ? ഓർക്കണം ഇന്നത്തെ മക്കൾ, നാളത്തെ മാതാപിതാക്കൾ. നിങ്ങളാകുന്ന മക്കളുടെ പ്രവർത്തികൾ ഒപ്പിയെടുത്ത് ഒരുകൂട്ടം മക്കൾ മാതാപിതാക്കളാകാൻ വളർന്നുകൊണ്ടിരിക്കുന്നു എന്ന് മറക്കരുത്. അവരുടെ അപ്പൂപ്പന്മാരെയും അമ്മൂമ്മമാരെയും അതായത് നിങ്ങളുടെ മാതാപിതാക്കളെ നിങ്ങൾ നോക്കിയാലെ അത് കണ്ട് നിങ്ങളുടെ മക്കളും നിങ്ങളെ നോക്കൂ. മക്കൾ പഠിച്ചതെ പാടൂ. അതായത് മാതാപിതാക്കളെ നന്നായി നോക്കുന്നവർ പ്രായമാകുമ്പോൾ തങ്ങളുടെ തന്നെ ജീവിതം സുരക്ഷിതമാക്കുന്നു. അവരുടെ പിൻതലമുറ അവരെ നോക്കും. ദൈവത്തിന്റെ വാഗ്ദാനം പൂർത്തീകരിക്കപ്പെടും. നന്മ കൈവരുന്നു. ദീർഘകാല സമാധാനത്തോടെ ടെൻഷൻസ് ഇല്ലാതെ ശാന്തമായി ജീവിച്ച് മരിക്കാം. അതുകൊണ്ട് എല്ലാമക്കളും മാതാപിതാക്കളെന്ന മക്കളും ചിന്തിക്കുക....

## SNIPPETS

| | |
|---|---|
| Starting of the Coimbatore Mission | 29th April 1955 |
| Formation of Coimbatore Forane | Nov. 1973 |
| Erection of the Eparchy of Palghat | 20th June 1974 |
| Inauguration of the Eparchy of Palghat | 8th Sept 1974 |
| Inauguration of the Coimbatore Region and Formation of 3 Foranes | 1st May 2008 |
| Erection of the Eparchy of Ramanathapuram | 18th Jan 2010 |
| Inauguration of the Eparchy of Ramanathapurm & Episcopal Ordination of Msgr. Paul Alappatt | 11th April 2010 |
| Inauguration of the Ist Pastoral Council | 29th April 2010 |
| Ist Eparchial Day & Releasing of the Eparchia Logo and Anthem (Chief Guest: Mar Andrews Thazhath, Metropolitan Archbishop of Trichur) | 4th July 2010 |
| Inauguration & Blessing of Eparchial Catechetical Centre (Gandhipuram) & Animation Centre (Ukkadam) (Temporary) | 12th October 2010 |
| Blessing of the Arokiamatha Chapel, Pollachy | 18th October 2010 |
| Blessing & Inauguration of "Santhom Creations", Tirupur | 25th October 2010 |
| Blessing foundation Stone for the Eparchial Minor Seminary (H.E. Mar Jacob Manathodath) | 06th January 2011 |
| Inauguration of the 2nd Pastoral Council | 11th June 2011 |
| Inauguration of "St. Mary's Minor Seminary", at temporary building in Edayapalayam | 12th June 2011 |
| Releasing of the 1st Diocesan Directory (Mar Bosco Puthur) | 03rd July 2011 |

| | |
|---|---|
| Inauguration of the Mission Year | 10th Sept. 2011 |
| Inauguration of the Diocesan Website | 10th Sept. 2011 |
| Consecration of the Karunya Matha Church Karunya Nagar (Perur) | 08th Dec. 2011 |
| Erection of the Parish Udumalpet | 07 Jan. 2012 |
| Starting of the Dharapuram Mission | 4th March 2012 |
| Blessing of the Presbytery, Karamadai | 06th May 2012 |
| The Pastoral visit of the Major Archbishop Mar George Cardinal Alencherry | 6th-8th July 2012 |
| 03rd Eparchial day | 8th July 2012 |
| Blessing of the foundation stones for Bishop's House & Pastoral Centre by the Major Archbishop | 8th July 2012 |
| Erection of the Parish Sulur Aero | 15th July 2012 |
| Inauguration of the Eparchial Santhom Social Service Society | 18th August 2012 |
| Laying foundation Stone for the Minor Seminary at Kozhinjampara | 18th January 2013 |
| Consecration of the Good Shepherd Church, Karamadai | 20th January 2013 |
| Starting of Vadavally Mission | 10th February 2013 |
| Starting of Ettimada Mission | 17th February 2013 |
| Starting of St. Alphonasa Mission, Edayarpalayam (Mettupalayam) | 03rd March 2013 |
| Starting of Athipalayam Pirivu Mission(Ganapathy, Gandhipuram) | 11th August 2013 |
| Starting of Sowripalayam Mission | 20th October 2013 |
| Consecration of the St. Judes Church, Dharapuram | 21st Dec. 2013 |
| Sifting of the Minor Seminary to the New building in Vadakkukadu (Kozhinjampara) | 06th Jan 2014 |
| Consecration of St. Alphonsa Church, Palladam | 1st Feb 2014 |
| Starting of Holy Mass at Peelamedu (Sitra) | 2nd Feb 2014 |
| Blessing of Presbytery, Dharapuram | 23rd Feb 2014 |
| Perpetual Adoration Centre at Lourde Forane Church, Gandipuram | 8th Dec 2014 |
| Laying foundation stone for Mother Theresa Peace Home, Tirupur | 11th Apr 2015 |
| Laying foundation stone for the new church at Kuniamuthur | 25th Apr 2015 |
| "Samarpithavarsham" at Ramanathapuram Cathedral in connection with the year of the Consecrated (2014 Nov. 30-2016 Feb.02) | 14th Jun 2015 |
| Laying Foundation Stone for the Community hall at "Rosary Garden" (RNM) | 11th Aug 2015 |
| Laying of the Foundation stones for Bishop's house and Pastoral Centre (by Mar Paul Alappatt) | 06th Nov 2015 |
| Formal blessing & inauguration of St. Mary's Minor Seminary, Vadakkukad (Pollachi) by Mar Andrews Thazhath, Metropolitan Archbishop of Trichur | 08th Dec 2015 |
| Opening of the "Door of Divine Mercy" at Cathedral | 13th Dec 2015 |
| 2nd Diocesan Bible convention at Ramanathapuram (Alvernia School Ground) | 18-22nd Dec 2015 |
| Protest rally & Meeting at Ramanathapuram against attach on a priest and three lay people in the diocese | 07th Feb 2016 |
| Blessing of the first phase of the Mother Theresa Peace Home Tirupur (By Bishop Paul Alappatt) | 11th Feb 2016 |

# 7 – ാം രൂപതാദിനം

HEARTY WELCOME TO ALL
7th EPARCHIAL DAY CELEBRATION



HEARTY WELCOME TO ALL